**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 798** **30-01-2024 - ല്‍ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളില്‍ ജപ്തി നടപടി നേരിടുന്നവരെ സഹായിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂര്‍ കുഞ്ഞുമോന്‍,<br>ശ്രീ മാത്യൂ ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനന്‍** | | **ശ്രീ. വി.എന്‍ വാസവന്‍<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സംഘങ്ങളില്‍ നിന്ന് ലോണ്‍ എടുത്തവര്‍ ജപ്തി നടപടി നേരിടുന്നത് മൂലം അനുഭവിക്കുന്ന വിഷമതകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ആയത് പരിഹരിക്കാന്‍ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്.<br><br>വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ള വായ്പക്കാര്‍ക്ക് ആശ്വസമാവുക എന്ന ലക്ഷ്യ ത്തോടുകൂടി ഒറ്റത്തവണ തീര്‍പ്പാക്കല്‍ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ വായ്പ ക്കാര്‍ക്ക് പിഴപലിശ പൂര്‍ണ്ണമായി ഒഴിവാക്കിയും പലിശയില്‍ വ്യവസ്ഥകള്‍ക്ക് വിധേയമായി പര മാവധി 50% വരെ ഇളവ് നല്‍കിയും അര്‍ഹ രായവര്‍ക്ക് മാനദണ്ഡങ്ങള്‍ പാലിച്ച് മുതലില്‍ ഇളവ് നല്‍കി വായ്പ കണക്ക് അവസാനിപ്പി ക്കുന്നതിന് അവസരം നല്‍കുന്നു. സഹകരണ സംഘങ്ങളില്‍ നിന്ന് ലോണ്‍ എടുത്ത് ജപ്തി നടപടി നേരിടുന്നവര്‍ക്ക് ഇളവുകളോടെ കുടി ശ്ശിക വായ്പ അടച്ച് തീര്‍ത്ത് ജപ്തി നടപടികളില്‍ നിന്നും ഒഴിവാകുന്നതിന് ഒറ്റത്തവണ തീര്‍പ്പാക്കല്‍ പദ്ധതി പ്രകാരം അവസരം ലഭിക്കുന്നു.<br><br>കൂടാതെ സഹകരണ സംഘങ്ങളില്‍ നിന്നും എടുത്തിട്ടുള്ള വായ്പകളുമായി ബന്ധപ്പെട്ട് ജപ്തി നടപടികള്‍ ഒഴിവാക്കണമെന്ന് ആവശ്യ പ്പെട്ടുകൊണ്ട് ജില്ലകളില്‍ നിന്നും ലഭ്യമായിട്ടുള്ള അപേക്ഷകളിന്മേല്‍ സാധ്യമായ പരമാവധി ഇളവുകള്‍ അനുവദിച്ച് വായ്പാ ബാദ്ധ്യത അവ സാനിപ്പിക്കുന്നതിനുള്ള നടപടികള്‍ സ്വീകരി ച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന സഹകരണ ബാങ്കില്‍ നിന്നും വായ്പ എടുത്ത് ജപ്തി നടപടി നേരിടുന്നവരില്‍ വായ്പയെടുത്ത രോഗികള്‍, വൃദ്ധജനങ്ങള്‍ മുതലായവര്‍ താമസിക്കുന്നതും 5 സെന്റില്‍ താഴെയുള്ളതും, കിടപ്പാടത്തിനായി ഭൂമിയും അതിലുള്ള വീടും, അല്ലാതെയുമുള്ള വസ്തുവകകള്‍ ഇല്ലാത്തതുമായ വായ്പക്കാരെ ജപ്തി നടപടികളില്‍ നിന്നും |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുന്നതിന് ശ്രദ്ധിക്കാറുണ്ട്. ഇത്തരം വിഭാഗങ്ങളെയും, 5 ലക്ഷത്തിൽ താഴെയുള്ളതുമായ വായ്പക്കാരുടെ വായ്പാ കണക്ക് പരമാവധി പലിശയിളവ് നൽകി അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നുണ്ട്. |
| (ബി) | ലോൺ കുടിശ്ശിക ആയവരുടെ വസ്തു ജപ്തി ചെയ്യുന്നതിനു പകരം കൂട്ടുപലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി ലോൺ പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന മൊറട്ടോറിയം, നവ കേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ പ്രകാരം കുടിശ്ശികയായ വായ്പാതുക അടച്ചു തീർക്കുന്നതിനും, പരമാവധി ഇളവുകൾ ലഭിക്കുന്നതിനും, പരമാവധി സാവകാശം ലഭിക്കുന്നതിനുമുള്ള അവസരം കുടിശ്ശിക വരുത്തിയ വായ്പാക്കാർക്ക് ലഭിക്കുന്നുണ്ട്.<br><br>കുടിശ്ശികയായിരുന്ന വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ അടച്ചു തീർക്കുന്ന വായ്പാക്കാർക്ക്, ആവശ്യമാണെങ്കിൽ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച് പുതിയ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ പ്രകാരം കുടിശ്ശികയായ വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ അടച്ചു തീർക്കുന്ന വായ്പക്കാർക്ക് ആവശ്യമെങ്കിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് നിലവിലുള്ള വായ്പ തുകയെക്കാൾ അധികരിക്കാത്ത തുകയ്ക്ക് വായ്പ പുതുക്കാവുന്നതാണ്.<br><br>വായ്പാക്കാർക്ക് സഹായകരമായ പദ്ധതി കൾ നടപ്പിലാക്കുന്നതിനോടൊപ്പം, ടി പദ്ധതി കൾ സംഘം /ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമുണ്ട്. |

സെക്ഷൻ ഓഫീസർ